"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ആര്യാട് ലൂഥറൻ എച്ച്.എസ് ലെ പ്രധാനാധ്യാപിക തസ്തികയിലെ ശ്രീമതി.സ്വപ്ന.ആർ ന്റെ 01.06.2025 മുതലുള്ള സ്ഥാനക്കയറ്റ നിയമനം - WP(C)No.5145/2026 ന്മേലുള്ള 13.02.2026 ലെ വിധിന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3617/2026/GEDN തീയതി,തിരുവനന്തപുരം, 29-05-2026

---

പരാമർശം:-
1) ശ്രീമതി സ്വപ്ന.ആർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി
2) WP(C)No.5145/2026 ന്മേലുള്ള 13.02.2026 ലെ വിധിന്യായം.
3) ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07.05.2026 ലെ ഡിഇഓഎഎൽപി/424/2026-ബി3 നമ്പർ കത്ത്.
4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08.05.2026 ലെ ഡിജിഇ/4432/2026-ഇസി1 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ സൗത്ത് ആര്യാട് ലൂഥറൻ എച്ച്.എസ്.എസ് ലെ ഹെഡ്മിസ്ട്രസ്സ് തസ്തികയിലെ 01.06.2025 മുതലുള്ള നിയമനം അംഗീകരിക്കുന്നതിനായി ശ്രീമതി സ്വപ്ന.ആർ പരാമർശം (1) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(C)No.5145/2026 ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതി 13.02.2026 ലെ വിധിന്യായത്തിൽ, എക്സിബിറ്റ് പി6 റിവിഷൻ ഹർജിയിൽ പരാതിക്കാരിയെ നേരിൽ കേട്ട് മൂന്നു മാസത്തിനകം തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയെയും മറ്റു ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേൾക്കുകയുണ്ടായി.

2. പരാതിക്കാരിയുടെയും മാനേജരുടെയും വാദങ്ങൾ പ്രകാരം, സൗത്ത് ആര്യാട് ലൂഥറൻ എച്ച്.എസ് ലെ സീനിയർ മോസ്റ്റ് എച്ച്.എസ്.ടി ആയ ശ്രീമതി സ്വപ്ന.ആർ നെ 01.06.2025 മുതൽ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിക്കുകയുണ്ടായി. ടിയാൾക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് ആവശ്യമായ ഡിക്ലറേഷൻ മാനേജർ സമർപ്പിച്ചിട്ടുള്ളതാണ്. ടി മാനേജ്മെന്റിന് കീഴിലുള്ള പേരൂർക്കട കൺകോർഡിയ ലൂഥറൻ എച്ച്.എസ് ലെ പ്രധാനാദ്ധ്യാപിക തസ്തികയിലെ ശ്രീമതി ഡെല്ലാ.ജെ. ദാസിന്റെ 01.06.2023 മുതലുള്ള നിയമനം കോർപ്പറേറ്റ് മാനേജരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, സീനിയോറിറ്റി ലിസ്റ്റിന് പകരം കോർപ്പറേറ്റ് മാനേജരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ശ്രീമതി സ്വപ്ന.ആർ ന്റെ 01.06.2025 മുതലുള്ള പ്രധാനാധ്യാപികയായുള്ള സ്ഥാനക്കയറ്റം അംഗീകരിച്ചു നൽകണം.

3. ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും

റിപ്പോർട്ടുകൾ പ്രകാരം, ആലപ്പുഴ ആര്യാട് ലൂഥറൻ എച്ച്.എസ് ലെ എച്ച്.എസ്.റ്റി. (മലയാളം) ശ്രീമതി സ്വപ്ന.ആർ നെ 01.06.2025 മുതൽ സ്ഥാനക്കയറ്റം നൽകി ഹെഡ്മിസ്ട്രസ്സ് ആയി വിരമിക്കൽ ഒഴിവിൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചു. എന്നാൽ ലൂഥറൻ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അംഗീകൃത സീനിയോരിറ്റി ലിസ്റ്റ് സമർപ്പിക്കാത്തതിനാൽ പ്രസ്തുത നിയമനം നിരസിക്കുകയുണ്ടായി. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, നിലവിലുള്ള സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രധാനാധ്യാപക തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് നിയമന കാലയളവിലെ അംഗീകൃത സീനിയോരിറ്റി ലിസ്റ്റ് പരിശോധിക്കേണ്ടതായുണ്ട്. എന്നാൽ നിലവിലും മാനേജർ ലൂഥറൻ കോർപ്പറേറ്റ് മാനേജെന്റിന്റെ ടി നിയമന കാലയളവിലെ അംഗീകരിച്ച സീനിയോരിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ലാത്തതിനാൽ, ആര്യാട് ലൂഥറൻ എച്ച്.എസ് ലെ പ്രധാനാധ്യാപിക ആയുള്ള ശ്രീമതി.സ്വപ്ന.ആർ ന്റെ 01.06.2025 മുതലുള്ള സ്ഥാനക്കയറ്റ നിയമനം പരിഗണനാർഹമല്ല.

4. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ആലപ്പുഴ ആര്യാട് ലൂഥറൻ എച്ച്.എസ് ലെ പ്രധാനാധ്യാപക തസ്തികയിലെ ശ്രീമതി സ്വപ്ന.ആർ ന്റെ 01.06.2025 മുതലുള്ള സ്ഥാനക്കയറ്റ നിയമനം അംഗീകൃത സീനിയോരിറ്റി ലിസ്റ്റ് സമർപ്പിക്കാത്തതിനാൽ നിരസിക്കുകയുണ്ടായി. തന്റെ സ്ഥാനക്കയറ്റം അംഗീകരിക്കുന്നതിനാവശ്യമായ സത്യപ്രസ്താവന മാനേജർ സമർപ്പിച്ചിട്ടുണ്ടെന്നും ടി മാനേജ്മെന്റിന് കീഴിലുള്ള പേരൂർക്കട കൺകോർഡിയ ലൂഥറൻ എച്ച്.എസ് ലെ പ്രധാനാദ്ധ്യാപിക തസ്തികയിലെ ശ്രീമതി ടെല്ലാ. ജെ.ദാസ് ന്റെ 01.06.2023 മുതലുള്ള നിയമനം കോർപ്പറേറ്റ് മാനേജരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നും ഹർജിക്കാരി അറിയിക്കുകയും ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 01.06.2025 മുതലുള്ള ഹർജിക്കാരിയുടെ സ്ഥാനക്കയറ്റത്തിനെതിരെ പരാതിയൊന്നും ലഭിച്ചിട്ടുള്ളതായി വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. ഹർജിക്കാരിയ്ക്ക് നൽകിയ സ്ഥാനക്കയറ്റത്തിൽ മറ്റ് അദ്ധ്യാപകർ എതിർപ്പ് ഉന്നയിച്ചിട്ടില്ലെന്ന് മാനേജരും വ്യക്തമാക്കിയിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ, ശ്രീമതി സ്വപ്ന.ആർ ന്റെ പ്രധാനാദ്ധ്യാപിക തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനെതിരെ പരാതികളൊന്നും നിലവിലില്ലെന്ന് ഉറപ്പുവരുത്തി, മാനേജർ സത്യപ്രസ്താവന സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ, മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ, ആര്യാട് ലൂഥറൻ എച്ച്.എസ് ലെ പ്രധാനാധ്യാപിക തസ്തികയിലെ ശ്രീമതി. സ്വപ്ന.ആർ ന്റെ 01.06.2025 മുതലുള്ള സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കുന്നതിന് ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം പരാമർശം (2) വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANIL KUMAR D

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലപ്പുഴ

കോർപ്പറേറ്റ് മാനേജർ, ലൂഥറൻ സ്കൂൾസ്, കൺകോർഡി. ലൂഥറൻ HSS Compound,
പേരൂർക്കട, തിരുവനന്തപുരം-695 005.
ശ്രീമതി സ്വപ്ന.ആർ, ഹെഡ്മിസ്ട്രസ്, ലൂഥറൻ HSS, സൗത്ത് ആര്യാട്, ആലപ്പുഴ-688 006.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരളം,തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 29-05-2026 12:09:27

സെക്ഷൻ ഓഫീസർ